# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3827 21.06.2018-ൽ മറുപടിക്ക്

### കൈത്തറി മേഖലയിൽ ആർ.ആർ.ആർ.പാക്കേജ്

| ചോദ്യം<br>ശ്രീ.എം.വിൻസെന്റ് | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കഴിഞ്ഞ യു.പി.എ. സർക്കാർ കൈത്തറി മേഖലയിൽ നടപ്പിലാക്കിയ ആർ.ആർ.ആർ. പാക്കേജ് (Revival, Reform and Restructuring Package for Hand loom Sector) പ്രകാരം കേരളത്തിൽ എഴുപത്തിരണ്ടോളം കൈത്തറി സഹകരണ സംഘങ്ങൾക്ക് ഇനിയും പാക്കേജിന്റെ പ്രയോജനം ലഭിക്കാനുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കാൻ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈത്തറി നെയ്ത്ത് സംഘങ്ങളിൽ ആർ.ആർ.ആർ പാക്കേജ് നടപ്പിലാക്കിയതിനു ശേഷം കൈത്തറി സംഘങ്ങളിൽ ബാക്കി നിൽക്കുന്ന വായ്പ തുക എഴുതി തള്ളുന്നതിനായി തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിനെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ വായ്പാ തുക എഴുതി തള്ളുന്നതിന് തീരുമാനിച്ച് പ്രൊപ്പോസൽ സഹകരണ രജിസ്ട്രാർക്ക് നൽകിയതായി റിസർവ് ബാങ്കിൽ നിന്ന് അറിയിച്ചിട്ടുണ്ട്.<br><br>ബാങ്കിൽ ബാധ്യതയായി നിൽക്കുന്ന തുക എഴുതിത്തള്ളുന്നതിന് അഡ്മിനിസ്ട്രേറ്റർ നടപടി കൈക്കൊള്ളുകയും ആയത് സഹകരണ രജിസ്ട്രാറുടെ അനുവാദത്തിനായി സമർപ്പിച്ചിട്ടുള്ളതായും തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് അറിയിച്ചിട്ടുണ്ട്. |
| (ബി) ആർ.ആർ.ആർ. പാക്കേജിന്റെ നിബന്ധനകൾ പ്രകാരം സഹകരണ വകുപ്പ് നടത്തിയ സ്പെഷ്യൽ ആഡിറ്റിൽ ഈ പാക്കേജിന്റെ ആനുകൂല്യം ലഭിക്കാൻ അർഹതയുള്ള പല സംഘങ്ങൾക്കും ഇനിയും പാക്കേജ് ലഭ്യമായിട്ടില്ല എന്ന് കണ്ടെത്തിയിരുന്നോ; എങ്കിൽ അത്തരം സംഘങ്ങൾക്ക് പാക്കേജ് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ; | | |

| | |
|---|---|
| (സി) ആർ.ആർ.ആർ പാക്കേജ് കേരളത്തിലെ മുഴുവൻ കൈത്തറി സംഘങ്ങളിലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ അത് സാദ്ധ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലഭിച്ച മറുപടി വിശദമാക്കാമോ? | (സി) പദ്ധതി നിലവിലില്ല. |

സെക്ഷൻ ഓഫീസർ